I/729815/2024

**"ഭരണഭാഷ - മാതൃഭാഷ"**

NO TO DRUGS

DGE/8496/2024-QIP1

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 24-04-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിലെ അധ്യാപകർക്ക് നിർമിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള പരിശീലനം നൽകുന്നത് സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1.ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 23.02.2024-ന് (കൈറ്റ് 2024-25-ൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച്) നടത്തിയ യോഗത്തിന്റെ നടപടി കുറിപ്പുകൾ.

2.കൈറ്റ് സി.ഇ.ഒ-യുടെ 18.04.2024 ലെ കൈറ്റ്/2024/1234 (14) നമ്പർ കത്ത്.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് നിർമിതബുദ്ധി അടിസ്ഥാനമാക്കി പ്രത്യേക പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ 2024 ആഗസ്റ്റിന് മുൻപ് നൽകേണ്ടതാണെന്ന് സൂചന (1) ലെ നടപടി കുറിപ്പിൽ നിർദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സെക്കന്ററി, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അധ്യാപകർക്ക് നിർമിതബുദ്ധി പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക പരിശീലനം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അക്കാദമിക കലണ്ടറുമായി ചേർന്നുപോകുന്ന വിധത്തിൽ നൽകുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കൈറ്റ് മാസ്റ്റേഴ്സ് (ലിറ്റിൽ കൈറ്റ്സ്), സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ (എസ്.ഐ.ടി.സി.), ഹയർ സെക്കന്ററി സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ (എച്ച്.ഐ.ടി.സി.), വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ (വി.എച്ച്.ഐ.ടി.സി) എന്നിവർക്ക് ആദ്യഘട്ട പരിശീലനം നല്കേണ്ടതും പ്രസ്തുത പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് സെക്കന്ററി, ഹയർ സെക്കന്ററി വിഭാഗം അധ്യാപകർക്കും പരിശീലനം കൈറ്റ് ക്രമീകരിക്കേണ്ടതാണ്. 2024 മെയ് 3 മുതൽ കൈറ്റ് മാസ്റ്റേഴ്സിനുള്ള പരിശീലനം ആരംഭിക്കേണ്ടതാണ്. 2024 മെയ് 2 മുതൽ പരിശീലനം ആരംഭിക്കേണ്ടതും ഇതിൽ നിന്നും പൊതു പരിശീലനത്തിനുള്ള റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തേണ്ടതുമാണ്.

2. കൈറ്റ് ലഭ്യമാക്കുന്ന മൊഡ്യൂൾ അടിസ്ഥാനമാക്കി മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ ഒരു ബാച്ചിൽ പരമാവധി 25 അധ്യാപകർക്ക് 2 ആർ.പി.മാർ എന്ന ക്രമത്തിൽ 3 ദിവസത്തെ പരിശീലനം നൽകേണ്ടതാണ്.

3.താല്പര്യമുള്ള അധ്യാപകർക്ക് ആദ്യ ബാച്ചുകളിൽ പരിശീലനം നൽകാവുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ www.kite.kerala.gov.in-ലെ Training Management System-ൽ അതത് സ്കൂൾ പ്രഥമാധ്യാപകർ മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരും കൈറ്റിന്റെ ജില്ലാ കോ-ഓർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ പരിശീലന കേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

5. പരിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാ അധ്യാപകരും പരിശീലകരും പരിശീലന സമയം കഴിയുന്നതുവരെ പരിശീലന കേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ പരിശീലകരും എല്ലാ പരിശീലന ദിവസങ്ങളിലും പരിശീലന കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. പരിശീലകർ പരിശീലനം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരിശീലന കേന്ദ്രത്തിൽ എത്തേണ്ടതും പരിശീലനം അവസാനിച്ച് എല്ലാ പഠിതാക്കളും പോയശേഷം മാത്രം പരിശീലനകേന്ദ്രത്തിൽ നിന്നും പോകേണ്ടതുമാണ്.

6. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരുടേയും പരിശീലകരുടേയും ഹാജർ, ഡ്യൂട്ടി സർട്ടിഫിക്കറ്റ് മുതലായവ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്ന് ജനറേറ്റ് ചെയ്ത് ഉപയോഗിക്കേണ്ടതാണ്.

7. പരിശീലനവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും കൈറ്റ് വഹിക്കേണ്ടതാണ്.

Signed by
Shanavas S Ias
Date: 24-04-2024 13:03:25

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താവ്:

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
2. എല്ലാ സെക്കന്ററി/ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ
3. പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്:

1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
2. എല്ലാ ആർ.ഡി.ഡി (HSS), എ.ഡി (VHSS), ഡി.ഡി.ഇ, ഡി.ഇ.ഒ.മാർക്കും